STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.300/PR/SPMC/PHQ/2021 Date :14.07.2021

**പോലീസ് ആകണമെന്ന അഭിജിത്തിന്റെ ആഗ്രഹത്തിനൊപ്പംനിന്ന് പോലീസ്**

പോലീസ് ആകണമെന്ന അഭിജിത്തിന്റെ ആഗ്രഹത്തിന് ഒപ്പം ചേർന്ന് കേരളാ പോലീസ്. മീൻ വിൽപ്പനയിൽ അമ്മൂമ്മയെ സഹായിക്കുന്ന പതിനൊന്നു വയസുകാരൻ അഭിജിത്തിന്റെ പോലീസ് മോഹം മാധ്യമങ്ങൾ വഴി അടുത്തദിവസങ്ങളിലാണ് നാടറിഞ്ഞത്. പോലീസിൽ ചേരണമെന്ന ആഗ്രഹവുമായി കഠിനാധ്വാനം ചെയ്യുന്ന ഈ കുരുന്നിനെ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് പോലീസ് ആസ്ഥാനത്ത് വിളിച്ചുവരുത്തി അനുമോദിച്ചു.

തിരുവല്ലം പുഞ്ചക്കരി തമ്പുരാൻമുക്ക് സ്വദേശി സുധാദേവിയുടെ ചെറുമകനാണ് ഏഴാം ക്ലാസ് വിദ്യാർത്ഥിയായ അഭിജിത്. ചെറുപ്പത്തിലെതന്നെ മാതാപിതാക്കൾ ഉപേക്ഷിച്ച അഭിജിത്തിനെയും എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ സഹോദരിയെയും പോറ്റുന്നത് സുധാദേവിയാണ്. പുലർച്ചെ നാല് മണിക്ക് മീൻ കച്ചവടത്തിനിറങ്ങുന്ന അമ്മൂമ്മയെ തന്നാലാവും വിധം സഹായിക്കുകയാണ് അഭിജിത്. വിഴിഞ്ഞത്ത് നിന്ന് മീൻ എടുത്ത് അമ്മൂമ്മ മടങ്ങിയെത്തിയാൽ ആറ് മണിയോടെ കുഞ്ഞ് അഭിജിത്തും സൈക്കിളിൽ വീട്ടിൽ നിന്ന് പുറപ്പെടും. വീടുകളിൽ മീൻ ആവശ്യമുണ്ടോ എന്ന് തിരക്കും. മീൻകുട്ട സൈക്കിളിന് പുറകിൽ വച്ച് അമ്മൂമ്മയോടൊപ്പം ആവശ്യക്കാരുടെ അടുത്തേക്ക്. കച്ചവടമൊക്കെ കഴിഞ്ഞ് വീട്ടിലെത്തിയാൽ പിന്നെ പഠനം. രാത്രിയിൽ ഓൺലൈൻ ക്ലാസ്. ഇതാണ് അഭിജിത്തിന്റെ ദിനചര്യ.

നന്നായി പഠിച്ച് ഒരു പോലീസ് ഉദ്യോഗസ്ഥനാകാൻ അഭിജിത്തിനെ ഉപദേശിച്ച സംസ്ഥാന പോലീസ് മേധാവി കുട്ടിക്ക് പോലീസിന്റെ വകയായി ഒരു ലാപ്ടോപ്പ് സമ്മാനിച്ചു. പോലീസ് സമ്മാനിച്ച സേനയുടെ പ്രത്യേക നിറത്തിലുള്ള യൂണിഫോം ധരിച്ചാണ് അഭിജിത് പോലീസ് ആസ്ഥാനത്തെത്തിയത്. പോലീസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥരും ജീവനക്കാരും ചടങ്ങിൽ സംബന്ധിച്ചു.

**ഫോട്ടോക്യാപ്ഷൻ :**

ഫോട്ടോ 1 – മീൻവിൽപ്പനയിൽ അമ്മൂമ്മയെ സഹായിക്കുന്ന തിരുവല്ലം സ്വദേശി അഭിജിത്തിന് പോലീസിന്റെ ഉപഹാരമായ ലാപ്ടോപ്പ് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് സമ്മാനിക്കുന്നു.

ഫോട്ടോ 2,3 – സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അഭിജിത്തുമായി സംവദിക്കുന്നു.

**********************************